# സാന്ത്വനം

എസ്. കാച്ചപ്പിള്ളി



# സാന്ത്വനം

----- നുറുങ്ങു ലേഖനങ്ങൾ -----

എസ്.കാച്ചപ്പിള്ളി

വിതരണം

സംസ്ക്കാര

## മററു കൃതികൾ

### കഥകൾ

ഒററമുറിവീട്

ഒരുബുദ്ധിജീവിയും കുറെ
അനുയായികളും

ഒരു സെൽഫ് ഫിനാൻസിങ്
പഠനത്തിന്റെ കഥ

### ലേഖനങ്ങൾ

കേരളമോഡൽ പ്രതിസന്ധി

### നുറുങ്ങു ലേഖനങ്ങൾ

ദുരന്തങ്ങൾ നൽകുന്ന പാഠം

### നുറുങ്ങു ചിന്തകൾ

മൊഴിമുത്തുകൾ

# സാന്ത്വനം

## നുറുങ്ങു ലേഖനങ്ങൾ


| | | |
|---|---|---|
| Author | : | S.Kachappilly |
| Phone | : | 9446459784 |
| Facebook | : | sebastian kachappilly |
| YouTube | : | sebastiankachappilly |
| e-mail | : | sebastiankachappily@yahoo.com |
| Web | : | www.kachappilly.in |

# ഉള്ളടക്കം

സാന്ത്വനം
പെട്രോൾ നികുതി
നേരമ്പോക്ക്
നികുതിഭാരം
കാര്യക്ഷമത
വ്യക്തിത്വം
ധാർമികത
പ്രചോദനം
അധികാരസ്ഥാനം
ദയനീയത
ചിത്രീകരണം
സ്വയം പര്യാപ്തത
തുടർ പഠനം
ബഹിഷ്ക്കരണം
ശ്രീ.പത്മനാഭസ്വാമി ക്ഷേത്രം
ആഘോഷം
സൗജന്യ വൈദ്യുതി

## <u>സാന്ത്വനം</u>

എന്തുകൊണ്ടും പ്രത്യേകതയുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷം ലഭിച്ചതും മന്ത്രിസഭ രൂപീകരിച്ചതും കമ്മ്യൂണിസ്റ്റുകൾ എന്ന് അറിയപ്പെട്ടിരുന്നവരാണ്. ജനാധിപത്യപരമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അധികാരത്തിൽ എത്തിക്കുന്നത് ലോകത്തിൽ തന്നെ ആദ്യമായിട്ടാണെന്നു പറയപ്പെടുന്നു.



ഇന്ത്യാ രാജ്യത്ത് എന്ന പോലെ കേരളത്തിലും സ്വതന്ത്രാനന്തരമുള്ള ആദ്യ കാലഘട്ടങ്ങളിൽ അർപ്പണമനോഭാവമുള്ള ഭരണാധികാരികളാൽ സംപുഷ്ടമായിരുന്നു. പിന്നീടങ്ങോട്ട് മെച്ചപ്പെട്ട സാമൂഹ്യ സാഹചര്യങ്ങളിൽ ജനിച്ചു വളരാത്തവരും ഭരണപരമായ കാര്യങ്ങൾ വിശകലനം ചെയ്യാൻ കഴിവൊ കാര്യക്ഷമതയൊ ഇല്ലാത്ത

വരും ഭരണാധികാരികളായി മാറി. മാറി മാറി വരുന്ന മന്ത്രി സഭകൾക്കിടയിൽ വല്ലപ്പോഴും വന്നു വീഴുന്ന ഗവർണർ ഭരണത്തേയും എന്തിന് ഇടക്കാലത്ത് നടമാടിയ അടിയന്തരാവസ്ഥയിലെ കാര്യക്ഷമതയാർന്ന സർക്കാർ ജീവനക്കാരേയുമെല്ലാം കേരള ജനത വല്ലാതെ ആഘോഷമാക്കിയിട്ടുണ്ട്.

ലോകം മുഴുവൻ പുതിയ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൂടുതൽ കൂടുതൽ കാർഷിക വ്യവസായിക ഉൽപ്പാദനം നടത്തുമ്പോൾ കേരളപൗരന്മാർക്ക് മററു സംസ്ഥാനങ്ങളിലൊ മററു രാജ്യങ്ങളിലൊ തൊഴിലന്വേഷകരായി മാറേണ്ടി വന്നു. പുത്തൻ സാങ്കേതിക വിദ്യയോട് പുറംതിരിഞ്ഞു നിന്ന കേരളത്തിലെ ഭരണ കൂടങ്ങൾക്ക് കേരള പൗരന്മാരുടെ മേൽ കൂടുതൽ കൂടുതൽ നികുതി ചുമത്തിയിട്ടും സർക്കാർ സ്ഥാപനങ്ങളിൽ മികച്ച സേവനം ലഭ്യമാക്കാൻ കഴിഞ്ഞില്ല.

ഭരണപരമായ കാര്യങ്ങളിൽ കാര്യക്ഷമമായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്തവർ അധികാര ധാർഷ്ഠ്യത്തിന്റെ മുഷ്ക്ക് കാണിക്കുക സാധാരണമാണ്. ഈ ഇരുപത്തൊന്നാം നൂററാണ്ടിലും കേരളത്തിൽ കൊച്ചു കുട്ടികളുടെ സാമൂഹ്യപാഠ പുസ്തകം അധമ സംസ്ക്കാര ഭാഷയിൽ തയ്യാറാക്കി പഠിപ്പിക്കുന്നതും വൻകിട പാലങ്ങൾ പോലും പഞ്ചവടിപ്പാലം പോലെ തകരുന്നതും വെള്ള പൊക്കത്താൽ ഒന്നും രണ്ടും നില കെട്ടിടങ്ങൾ വെള്ളത്തി നടിയിലായി പോകുന്നതും ചുഴലിക്കാററിനാൽ സ്വത്തും ജീവനും തിട്ടപ്പെടുത്താനാവാത്ത വിധം നഷ്ടപ്പെടുന്നതും

എസ്.കാച്ചപ്പിള്ളി

അധികാര ധാർഷ്ഠ്യത്തിന്റെ മുഷ്ക്ക് ഒരു കാരണം തന്നെയാണ്.



തങ്ങൾക്ക് പരിചിതമല്ലാത്ത സൂക്ഷമമായ തീരുമാനങ്ങൾ എടുക്കേണ്ടതായി വരുന്ന മഹാവിപത്ത് സമയങ്ങളിൽ പിൻസീററ് ഡ്രൈവിങ്ങിന് നിന്നു കൊടുക്കുന്ന ഭരണാധികാരികൾ ആവശ്യമായി വരുന്നു. മഹാവിപത്തിന്റെ സമയങ്ങളിൽ ആശ്വാസത്തിന്റേയും സാന്ത്വനത്തിന്റേയും വക്താക്കളാകുവാൻ ഭരണ നേതൃത്വത്തിന് കഴിയുന്നത് ആശ്വാസമാകുന്നു.

എസ്.കാച്ചപ്പിള്ളി

## പെട്രോൾ നികുതി

ഒരു രാജ്യത്തിന്റെ സാമ്പത്തീക വളർച്ചക്ക് സൂചകമായി പറയാവുന്നത് ആ രാജ്യത്തിന്റെ പൗരന്മാരുടെ വാങ്ങൽ ശേഷിയെയാണ്. ഇരുപത്തി ഒന്നാം നൂററാണ്ടിനു ചേർന്നവിധമുള്ള ജീവിത നിലവാര ത്തിനാവശ്യമായ സാമ്പത്തീക ക്രയവിക്രയം പൗരന്മാർക്ക് സാധ്യമാകുംവിധം വാങ്ങൽ ശേഷി വളർത്തിയെടുക്കുക യെന്നതാണ്. ഇതിന് പരമപ്രധാനമായി ആവശ്യമായി വരു ന്നത് ആ രാജ്യത്തിന്റെ സ്വയം പര്യാപ്തതയാണ്.



ആധുനീക സമൂഹത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യപരമായ ക്രമവിക്രയം സർവ്വ സാധാരണവും ഒഴിവാക്കാൻ പററാത്തതുമാണ്. രാജ്യങ്ങൾ തമ്മി ലുള്ള ഇത്തരം ക്രയവിക്രയങ്ങളിൽ വളർച്ചാ നിരക്ക് എന്നത് കയററുമതി വഴി ലഭിക്കുന്ന സമ്പത്ത് ഇറക്കുമതി വഴി

എസ്.കാച്ചപ്പിള്ളി

കൊടുക്കുന്ന സമ്പത്തിനേക്കാൾ എത്രത്തോളം കൂടുത ലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഇന്ത്യ യെപോലുള്ള രാജ്യങ്ങൾക്ക് ഇത്തരം വാണിജ്യപരമായ ഇട പാടുകളിൽ സാമ്പത്തിക നേട്ടം ലഭ്യമാകാറില്ല.

പൗരന്മാരുടെ വാങ്ങൽ ശേഷി നിലനിർത്തി പോരുന്നതിന് ഏററവും ആവശ്യമായി വരുന്നത് ആ രാജ്യ ങ്ങളിലെ പണത്തിന്റെ മൂല്യം നിലനിർത്തി കൊണ്ടു പോകുക എന്നതാണ്. ഇന്നു വാങ്ങുന്ന ഫ്രിഡ്ജും ടെലിവി ഷനും ഉൾപ്പടെയുള്ള എല്ലാ സാധനങ്ങളുടേയും വിലനില വാരം എത്രകാലം കഴിഞ്ഞാലും ഒരേപോലെ നില നിർത്താൽ കഴിഞ്ഞാൽ മാത്രമെ രാജ്യത്തെ പണത്തിന്റെ മൂല്യം നിലനിർത്തിക്കൊണ്ടു പോകാൻ സാധിച്ചു എന്നു പറയുവാൻ കഴിയുകയുള്ളൂ.



രാജ്യത്ത് ആവശ്യമായ സാധനങ്ങ ളുടെ സ്വയം പര്യാപ്തമായ ഉൽപ്പാദ നവും കയററുമതി വഴി ലഭിക്കുന്ന സാമ്പത്തീക നേട്ടം ഇറക്കുമതിയേ ക്കാൾ വർദ്ധിപ്പിച്ചുമൊക്കെ രാജ്യങ്ങൾക്ക് ആ രാജ്യ ത്തിലെ പണത്തിന്റെ മൂല്യം നിലനിർത്തിക്കൊണ്ടു പോകു വാൻ കഴിയുന്നതാണ്. ചുരുക്ക ത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യവിനിമയത്തിൽ സാമ്പത്തിക നേട്ടം കൈവരിക്കേണ്ടിയിരിക്കുന്നു.

എസ്.കാച്ചപ്പിള്ളി

ഇന്ത്യയെപ്പോലുള്ള രാജ്യത്ത് ഇറക്കുമതിക്കായി പ്രധാനമായും ചിലവഴിക്കപ്പെടേണ്ടി വരുന്നതിൽ പെട്രോളിയം ഉൽപ്പന്നങ്ങളും പെടുന്നു. അങ്ങനെ വരുമ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയെ ആശ്രയിക്കുന്ന രാജ്യങ്ങൾക്ക് ചെയ്യാവുന്നത് അവയുടെ ഉപഭോഗം കുറക്കുക എന്നതാണ്.

ജനങ്ങൾ പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കാൻ പ്രേരിപ്പിക്കും വിധം സംസ്ഥാനവും കേന്ദ്രവും അമിതമായ നികുതിയാണ് ഇന്ന് പെട്രോൾ ഉൽപ്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്നത്. എന്തിനും ഏതിനും മററു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾ ഇങ്ങനെ അമിതമായി ചുമത്തുന്ന നികുതി ആവശ്യസാധനങ്ങൾക്ക് സബ്സിഡി നൽകുന്നതിലേക്കായി ചിലവഴിക്കേണ്ടിയിരിക്കുന്നു.

പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്വകാര്യ വാഹനങ്ങളുടെ ലഭ്യത നിയന്ത്രിച്ചുമൊക്കെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപഭോഗം നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ചുരുങ്ങിയത് വർഷത്തിൽ പത്ത് ലക്ഷം രൂപയെങ്കിലും നികുതി അടയ്ക്കുന്ന വ്യക്തികൾക്ക് മാത്രമെ നാലുചക്ര സ്വകാര്യ വാഹനങ്ങൾ ലഭ്യമാവൂ എന്ന നിലപാടു സ്വീകരിക്കുക തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**എസ്.കാച്ചപ്പിള്ളി**

**സൗരോർജ്യത്തിലോടുന്നതും വാതകം ഇന്ധനമായി ഉപയോഗിക്കുന്നതുമായ വാഹനങ്ങളെ പ്രോത്സാഹിപ്പിച്ചുമൊക്കെ നമുക്ക് പെട്രോൾ ഉത്പ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കേണ്ടിയിരിക്കുന്നു.**

**ചുരുക്കത്തിൽ പണത്തിന്റെ മൂല്യശോഷണം സംഭവിക്കാതിരിക്കാനും പൗരൻമ്മാരുടെ വാങ്ങൽ ശേഷി നിലനിർത്തിക്കൊണ്ടു പോകുവാനുള്ള പ്രവർത്തനങ്ങളിൽ രാജ്യത്തെ ഭരണാധികാരികൾ ശ്രമിക്കുമെന്നാശിക്കാം.**

**എസ്.കാച്ചപ്പിള്ളി**

## നേരമ്പോക്ക്

സൗന്ദര്യാസ്വാദനം ലോകാരംഭം മുതലെ ഉണ്ടായിട്ടുള്ളതാണ്. പൂക്കളും പുഴകളും കടലും മലനിരകളുമൊക്കെ സൗന്ദര്യാസ്വാദനത്തിന് കാരണമായിട്ടുണ്ട്. സ്ത്രീയും പുരുഷനുമായി ജീവജാലങ്ങളെ സൃഷ്ടിച്ചിട്ടുള്ളതെങ്കിലും വ്യത്യസ്ഥമായ സൗന്ദര്യമാണ് ഇവക്ക് നൽകിയിട്ടുള്ളത്. നടപ്പിലും ഭാവത്തിലും രൂപത്തിലും സ്ത്രീയും പുരുഷനും വ്യത്യസ്ഥത പുലർത്തുന്നു. നമ്മുടെ പഴയതും പുതിയതുമായ ഗ്രന്ഥങ്ങളിൽ പലതിലും സ്ത്രീ സൗന്ദര്യത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. പല പ്രശസ്തമായ ചുമർ ചിത്രങ്ങളും സ്ത്രീ പുരുഷ സൗന്ദര്യത്തിന് വേദിയാണ്.

ഭാരത സങ്കൽപ്പത്തിൽ ഭാര്യാ–ഭർതൃ ബന്ധത്തിന് പല മഹനീയതകളും നിർവ്വചിച്ചിട്ടുണ്ടെങ്കിലും സെക്സ് അതിന്റെ അനിർവചനീയമായ ആസ്വാദനത്തിനും വിവാഹ ബന്ധങ്ങൾ ശിഥിലമാകാതിരിക്കാം അത്യന്താപേക്ഷിതമായ ഒരു ഭാഗം തന്നെയാണ്.

എസ്.കാച്ചപ്പിള്ളി

സ്ത്രീയെ ഉപയോഗപ്പെടുത്തി പല നയ തന്ത്രങ്ങളും പണ്ടു മുതലെയുള്ള കാല ഘട്ടത്തിലുമുണ്ടായിരുന്നു. രാജ്യങ്ങളുടെ രഹസ്യ വിവരങ്ങൾ ചോർത്തുന്നതിനായി ഇപ്പോഴും സ്ത്രീയെ വിജയകരമായി ഉപയോഗിക്കുന്നു. ഉന്നതരായവരെ എളുപ്പത്തിൽ വീഴ്ത്തി വളരെയെളുപ്പത്തിൽ കാര്യസാധ്യങ്ങൾ നേടിയെടുക്കുവാൻ പല സ്ത്രീകൾക്കും കഴിഞ്ഞിട്ടുണ്ട്. കാലങ്ങൾ മാറി ജനാധിപത്യത്തിന് വഴിമാറി കൊടുക്കുമ്പോഴും ഇത്തരം പ്രവർത്തികൾ കൂടിയിട്ടേയുള്ളൂ.



പല ജനാധിപത്യ രാഷ്ട്രങ്ങളിലും അധികാരത്തിന്റെ അകത്തളത്തിൽ എത്തി പെടുന്നതിന് പണവും കൈക്കരുത്തും പോലെ പെണ്ണും നിർണ്ണായകമായ പങ്ക് വഹിക്കുന്നു. മഹനീയമായ വ്യക്തിത്വങ്ങളെ അവഗണിക്കുകയും കാര്യസാധ്യത്തിനായി സാധ്യമായവരെ അധികാര സ്ഥാനങ്ങളിൽ അവരോധിക്കുകയും ചെയ്യുന്നു.

പല മഹനീയമായതും ഉയർന്നതുമായ ജോലികളിലും എത്തിപ്പെടുന്നതിനായുള്ള യോഗ്യതയ്ക്ക് ജാതിയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ഥമായ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്. അതുകൊണ്ടു തന്നെ തിരഞ്ഞെടു

എസ്.കാച്ചപ്പിള്ളി

ക്കപ്പെടുന്ന എല്ലാ ഉയർന്ന ജീവനക്കാരനും ഒരേപോലെ കാര്യക്ഷമത കാണിക്കാൻ സാധ്യമാവില്ല. ഇതിനൊക്കെ പുറമെയാണ് രാഷ്ട്രീയ നേതൃത്വങ്ങളുടെ ഇടപെടലുകളും സ്വന്തം കുടുംബങ്ങളിലെ അസ്വാരസ്യങ്ങളും അലട്ടാനിടയാക്കുന്നത്.

പലതുകൊണ്ടും നമ്മുടെ വിവാഹ സങ്കൽപ്പങ്ങളിലും പലവിധ കൂട്ടിചേർക്കലുകളും നടന്നിട്ടുണ്ട്. എന്റെ കുട്ടികളും അവന്റെ കുട്ടികളും ഞങ്ങളുടെ കുട്ടികളുമെന്നൊക്കെ പറഞ്ഞിരുന്ന രാജ്യക്കാരെ നമ്മൾ കളിയാക്കിയിരുന്ന നാളുകൾ ഏറെയകലെയല്ല. ഇന്ന് ഇത്തരം കാര്യങ്ങളോടൊപ്പം പിതാവിന്റെ ഡി.എൻ.എ പരിശോധിക്കുന്നതുമൊക്കെ ഏറെക്കുറെ ചർച്ച ചെയ്ത് നാട്ടുനടപ്പായി അംഗീകരിച്ചിട്ടുണ്ട്.



കൃത്യമായതും ആധുനീകമായതുമായ ചിട്ടവട്ടങ്ങൾ പരിപാലിക്കപ്പെടാത്തതിനാൽ നമ്മുടെ സർക്കാർ സ്ഥാപനങ്ങളിൽ ആർക്കും നുഴഞ്ഞു കയറി എന്തും സാധിക്കാമെന്നായിരിക്കുന്നു. പലപ്പോഴും ഉന്നത പദവിയിൽ ഇരിക്കുന്നവർ തങ്ങളുടെ പിരിമുറുക്കം അയക്കുന്നതിനായി പല വിധ നേരമ്പോക്കുകളിലും ഏർപ്പെടുമ്പോൾ പലരും അവരുടെ വീക്കനെസ് മനസ്സിലാക്കി ഉപയോഗപ്പെടുത്തുന്നു.

എസ്.കാച്ചപ്പിള്ളി

ജനാധിപത്യത്തിൽ ജനം ഉണർന്നിരിക്കേണ്ടതും സംഘടിതമായ പ്രചാരണ കോലാഹലങ്ങളിൽ വീണുപോകാതെ നിയമങ്ങൾ ശരിയായി പരിപാലിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതും മെച്ചപ്പെട്ട സാമൂഹ്യ സാഹചര്യങ്ങളിൽ ജനിച്ചു വളർന്നവരെ നേതൃസ്ഥാനത്തേക്ക് എത്തിക്കേണ്ടിയുമിരിക്കുന്നു.

**എസ്.കാച്ചപ്പിള്ളി**

## <u>നികുതിഭാരം</u>

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണത്തിലാണ് ലോകമെങ്ങും അറിയപ്പെടാൻ ആഗ്രഹിക്കുന്നത്. മനോഹരമായ ഈ ഭൂപ്രദേശത്തെ ലോകടൂറിസം വളരെ താല്പര്യത്തോടെ നോക്കി കാണുന്നു. ആരോഗ്യ മേഖലയിലും വിജ്ഞാന മേഖലയിലുമൊക്കെയുള്ള മേൽകൈ നമ്മെ ലോകത്തിന്റെ നെറുകയിൽ എത്തിക്കാൻ പോന്നതാണ്.




ഉൽപ്പാദന മേഖലയിൽ കേരളത്തിന് എടുത്ത് പറയാവുന്ന നേട്ടങ്ങളൊന്നും തന്നെയില്ല. തൊഴിൽ മേഖലയിലുള്ള സമരാന്തരീക്ഷവും നോക്കുകൂലി പോലെയുള്ള പിടിച്ചു പറിയുമൊക്കെയാണ് കേരളത്തിലെ ഉൽപ്പാദന മേഖല മന്ദീഭവിക്കാൻ കാരണമായിട്ടുള്ളത്.

**എസ്.കാച്ചപ്പിള്ളി**

കേരളത്തിൽ സർക്കാർ സ്ഥാപനങ്ങളിലെ തൊഴിൽ നിയമനങ്ങളാണ് കേരള യുവത്വം തൊഴിലിനായി ലക്ഷ്യം വക്കുന്നത്. ജാതിയുടെ അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന ഈ തൊഴിൽ മേഖല പക്ഷെ നികുതിദായകരായ ജനങ്ങളുടെ വിശ്വാസമാർജിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ സ്ഥാപനങ്ങൾ കാലഘട്ടത്തിനൊത്ത വിധം നവീകരിക്കാനൊ അധികം വരുന്ന ജീവനക്കാരെ പുനരധിവസിപ്പിക്കാനൊ നാളിതുവരെ മാറി മാറി വരുന്ന രാഷ്ട്രീയ നേതൃത്വങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

സർക്കാർ മേഖലയിലെ ഇത്തരം നിയമനങ്ങൾ തങ്ങളുടെ നേട്ടത്തിന്റെ പട്ടികയിൽ ചേർക്കുവാനാണ് വിവിധ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് താൽപ്പര്യം. അതുകൊണ്ടു തന്നെ കാലഘട്ടങ്ങൾ ഏറെ മാറിയിട്ടും ബ്രിട്ടീഷുകാർ ഭരിച്ച നാളുകളെ ഓർമിപ്പിക്കും വിധമാണ് നമ്മുടെ സർക്കാർ സ്ഥാപനങ്ങൾ നിയമനങ്ങൾ നടത്തുന്നത്. കാലഘട്ടത്തിനൊത്തു നവീകരിക്കുകയാണെങ്കിൽ പുത്തൻ സാങ്കേതികവിദ്യയിലൂടെ നമ്മുടെ നികുതിദായകന്റെ അമിതമായ ഭാരം ഇല്ലാതാക്കുവാൻ കഴിയുമായിരുന്നു.



നമ്മുടെ പ്രധാന സർക്കാർ തൊഴിൽ മേഖല വിദ്യാഭ്യാസ മേഖലയിൽ പണിയെടുക്കുന്നവരാണ്. നമ്മുടെ

എസ്.കാച്ചപ്പിള്ളി

സർക്കാർ, എയ്ഡഡറ് സ്കൂളുകളിലാകട്ടെ വിദ്യാർത്ഥിക ളുടെ എണ്ണം തുലോം കുറവുമാണ്. പുത്തൻ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഒരു വില്ലേജിൽ ഒന്ന് എന്ന രീതിയിൽ സ്ക്കൂളുകൾ പുന:ക്രമീകരിക്കുകയാണെങ്കിൽ കേരളത്തിന്റെ നികുതിഭാരം ഇല്ലാതാക്കുവാനും അത്തരം സ്ക്കൂളൂകൾ ആധുനീകവൽക്കരിക്കാനും കഴിയുന്നതാണ്.

കേരളമൊരു ഭീകര സംസ്ഥാനമായി കണക്കാക്ക പ്പെടുന്നില്ല. വല്ലപ്പോഴുമുള്ള രാഷ്ട്രീയ കോലാഹലങ്ങൾ ഒഴിവാക്കിയാൽ കേരള അന്തരീക്ഷം താരതമ്യേന ശാന്തവു മാണ്. യാത്രാ സൗകര്യമൊ പുത്തൻ സാങ്കേതിക വിദ്യ കളൊ ഒന്നുമില്ലാതിരുന്ന കാലഘട്ടത്തെ അനുസ്മരിപ്പിക്കു ന്നതാണ് നമ്മുടെ കൊച്ചു കേരളത്തിലെ പോലീസുകാരുടെ നിയമനങ്ങളുടെ സംഖ്യകൾ.

മേൽപറഞ്ഞവ ഏതാനും ഉദാഹരണങ്ങൾ മാത്രം. ജനങ്ങളുടെ മേൽ ഭാരിച്ച നികുതിഭാരം ചുമത്തി സർക്കാർ ജീവനക്കാരനെന്നും അല്ലാത്തവനെന്നും വേർതിരിവ് സൃഷ്ടിച്ച് രണ്ടുതരം പൗരന്മാരെ വളർത്തിയെടുക്കുക എന്നതാണ് രാഷ്ട്ര പുരോഗതി എന്ന് കേരളത്തിലെ രാഷ്ട്രീയ നേതൃത്വം ചിന്തിക്കുന്നു. ആയത് ഓരോ സർക്കാർ ഓഫീസുകളും സർക്കാർ സ്ഥാപനങ്ങളും പരി ശോധിച്ചാൽ നമുക്ക് അറിയാൻ കഴിയുന്നതാണ്.

നമ്മുടെ സർക്കാർ സ്ഥാപനങ്ങൾ നവീകരിച്ചും പുത്തൻ സാങ്കേതിക വിദ്യ നടപ്പിലാക്കിയും നിയമനങ്ങ

എസ്.കാച്ചപ്പിള്ളി

**ളിൽ ജാതി തിരിച്ചുള്ള പങ്കുവയ്പ് അവസാനിപ്പിച്ചും ജീവനക്കാരന്റെ പുനർവിന്യാസം നടപ്പിലാക്കിയും നികുതിദായകരുടെ നികുതിഭാരം ഇല്ലാതാക്കുകയൊ അത്തരം സമ്പത്ത് സംസ്ഥാനത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുകയൊ ചെയ്യാൻ അമാന്തിക്കരുത്.**

**എസ്.കാച്ചപ്പിള്ളി**

## കാര്യക്ഷമത

നമ്മുടെ രാജ്യത്ത് എന്നപോലെ നമ്മുടെ സംസ്ഥാനമായ കേരളത്തിലും അതത് കാലത്തെ നിയമ സമാജികന്മാർ പുതിയ നിയമ പരിഷ്ക്കാരങ്ങളും നിയമങ്ങളുമൊക്കെ കൊണ്ടു വരാറുണ്ട്. അത്തരമൊരു നിയമത്തിലൂടെയാണ് കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ രൂപം കൊള്ളുന്നതും കാലാകാലങ്ങളിൽ നവീകരിക്കുന്നതും. കാലാന്തരത്തിൽ രാഷ്ട്രീയക്കാരായ ഭരണാധികാരികൾക്ക് തങ്ങളുടെ തൽപ്പരകക്ഷികളെ നിയമിക്കുന്നതിനും മററുപല വിധ ഇടപെടലുകൾക്കും തടയിടാൻ ഒരു പരിധി വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ പരിധിയിൽ കൂടുതൽ നിയമന മേഖലകൾ ഉൾപ്പെടുത്തിയതോടെ സാധ്യമായി.




എസ്.കാച്ചപ്പിള്ളി

കേരള രൂപീകരണത്തിന്റെ നാളുകൾ തൊട്ട് പുരോഗമന വാദികളിൽ നിന്നും കേൾക്കുന്ന ആവശ്യങ്ങളിൽ ഒന്നായിരുന്നു ഇന്ത്യൻ അഡ്മിനിസ്ട്രേററീവ് സർവ്വീസ് പോലെ ഒന്നായ കേരള അഡ്മിനിസ്ട്രേററീവ് സർവ്വീസ്. കേരളത്തിന്റെ സമരാന്തരീക്ഷവും കക്ഷി രാഷ്ട്രീയക്കാരുടെ താത്പര്യങ്ങളുമൊക്കെ മററു പല ആശയങ്ങൾക്കുമെന്ന പോലെ കേരള അഡ്മിനിസ്ട്രേററീവ് സർവ്വീസ് എന്ന ആശയവും മയക്കത്തിലായി.

തങ്ങളുടെ ആഞ്ജാനുവർത്തികളാകാൻ തയ്യാറായി നിൽക്കുന്ന തൊഴിലാളി സംഘടനകളുടെ ആവശ്യങ്ങളെ നിരാകരിക്കാനൊ അവരെ പിണക്കാനൊ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് കഴിയാറില്ല. കാലഘട്ടത്തിനൊത്ത മാററങ്ങൾ സമൂഹം അർഹിക്കുന്നു.




പഴയ നിയമന വ്യവസ്ഥകൾ നമ്മുടെ സർക്കാർ സ്ഥാപനങ്ങളുടെ കാര്യക്ഷമത കുറക്കുന്നവയാണെന്നു മനസ്സിലാക്കി തെററുകുററങ്ങൾ തിരുത്തി കേരള അഡ്മിനിസ്ട്രേററീവ് സർവ്വീസ് മുന്നോട്ടു കൊണ്ടു പോകുവാൻ തയ്യാറാകണം. പുത്തൻ സാങ്കേതിക വിദ്യ നടപ്പിലാക്കാനും അവയുടെ പുതുപുത്തൻ അറിവുകൾ ഉൾക്കൊള്ളാൻ കഴിവുള്ളവരെ നിയമിച്ചും കേരള അഡ്മിനിസ്ട്രേററീവ് സർവ്വീസ് നിയമനങ്ങളിൽ ജാതി തിരിച്ചുള്ള പങ്കുവയ്പ് അവസാനിപ്പിച്ചും നമുക്ക് മുന്നേറാൻ കഴിയേണ്ടിയിരിക്കുന്നു.

എസ്.കാച്ചപ്പിള്ളി

## വ്യക്തിത്വം

മനോഹരമായ പ്രകൃതിയും ഇവിടത്തെ സമ്പത്തും മററിതര നേട്ടങ്ങളുമെല്ലാം അടുത്ത തലമുറക്കായി കാത്തു സൂക്ഷിക്കുന്നവയാണ്. കുട്ടികളുടെ ശാരീരികവും മാനസീകവുമായ ശരിയായ വളർച്ചയ്ക്ക് ഏതൊരു രാജ്യത്തേയും സമൂഹങ്ങൾ മികച്ച പ്രാധാന്യം തന്നെ നൽകുന്നു. കുട്ടികളുടെ വാക്സിനേഷൻ, വിദ്യാഭ്യാസം തുടങ്ങി എല്ലാ സുപ്രധാന കാര്യങ്ങളും സമയാസമയങ്ങളിൽ നടപ്പിലാക്കി എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.



കേരളീയ സമൂഹവും പരിമിതികൾക്കിടയിലും മാനസീകവും ശാരീരികവുമായ കുട്ടികളുടെ വളർച്ചക്കും അവരുടെ സംരക്ഷണത്തിനും പ്രത്യേക പ്രാധാന്യം നൽകുന്നു. കേരളത്തിലെ കുട്ടികളുടെ മരണനിരക്ക് മററു

എസ്.കാച്ചപ്പിള്ളി

സംസ്ഥാനങ്ങളോട് താരതമ്യം ചെയ്യാൻ കഴിയാത്തത്ര കുറവുമാണ്.

കേരളീയ കുട്ടികൾ കഥകളും അറിവുകളും മാതൃഭാഷയിൽ നേടിയുള്ള വളർച്ചയായിരുന്നു. വിദ്യാലയങ്ങളിലെ കുട്ടികൾ കളിയിലും കഥകളിലും മാതൃഭാഷ തന്നെ കൈമാറി സന്തോഷത്തോടെ കഴിഞ്ഞിരുന്നു. കുട്ടികൾക്കിടയിൽ മലയാളത്തിൽ ഏറെ പ്രചാരം നേടിയ കഥകൾ പഴയ തലമുറ പുതുതലമുറക്ക് കൈമാറുന്നത് കുറച്ചിലായി കണക്കാക്കി.

നമ്മുടെ സാങ്കേതിക വിദ്യയുടെ വികസനത്തോടെ വിരൽ തുമ്പിൽ അറിയാൻ ആഗ്രഹിക്കുന്നതും കാണാൻ ആഗ്രഹിക്കുന്നതുമായ എന്തും ലഭ്യമാകുന്ന അവസ്ഥ സംജാതമായി. പലപ്പോഴും മുതിർന്നവർ പോലും കുട്ടികളുടെ സഹായം തേടുവാനും തുടങ്ങി. ശാസ്ത്രീയ വിജ്ഞാനത്തോടൊപ്പം അശാസ്ത്രീയമായ കാര്യങ്ങളും അവർക്ക് വിരൽതുമ്പിലൂടെ ലഭ്യമായി. മുതർന്നവരുടെ കരുതലിനും പരസ്പരമുള്ള ആശയ വിനിമയങ്ങളും സമയം കുറവായി.

ജാതിയും പാരമ്പര്യവുമൊക്കെ അളവുകോലായി കണക്കാക്കപ്പെട്ടിരുന്നു. അത് അവരുടെ ഇടപെടലുകിൽ വ്യക്തി മഹാത്മത്തെ തിരിച്ചറിയാൻ എളുപ്പവുമായിരുന്നു.

എസ്.കാച്ചപ്പിള്ളി

പഴയകാല പൈങ്കിളി പുസ്തകങ്ങളുടെ സ്ഥാനത്ത് പൈങ്കിളി സീരിയലുകൾ സ്ഥാനം പിടിച്ചു. കുടുംബ സദസുകളിലെ ചർച്ചാ വിഷയങ്ങൾ പൈങ്കിളി സീരിയലുകളും പൈങ്കിളി സിനിമകളുമൊക്കയായി.

കുട്ടികളുടെ മാനസീകോല്ലാസവും മാനസീക വളർച്ചയുമെല്ലാം ഏറെക്കുറെ പരിമിതമായി. സ്വയം മരണം തിരഞ്ഞെടുക്കുന്ന കുട്ടികളുടെ സംഖ്യ ഈ ആധുനീക സമൂഹത്തിലും ഞെട്ടിക്കുന്നതാണ്. കേരളത്തിലെ മൂന്നു കോടിക്ക് മേൽ വരുന്ന കേരളത്തിലെ ജനസംഖ്യയിൽ മുന്നൂറ് കുട്ടികൾ ഒരു വർഷം ആത്മഹത്യ ചെയ്യുന്നുണ്ടത്രെ. ചെറുവര പോലെ നീണ്ടു കിടക്കുന്ന കേരളത്തിലെ നമ്മുടെ കുട്ടികളുടെ ഒരു വർഷത്തിലെ ആത്മഹത്യാ നിരക്കാണിത്.



കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ കുട്ടികൾക്ക് പതിനെട്ടു വയസാകുമ്പോൾ വോട്ടു ചെയ്യാൻ പ്രാപ്തമാക്കുക എന്നതു മാത്രമാണ് ലക്ഷ്യം വയ്ക്കുന്നത്. അവർക്ക് ശരിയായ മാനസീകോല്ലാസവും ശരിയായ കൗൺസിലിംഗും ലഭ്യമാക്കുന്നതിനു പുറമെ നമ്മുടെ വിദ്യാഭ്യാസ പാഠ്യ പദ്ധതിയിൽ ലൈഗീക വിദ്യാഭ്യാസത്തിനും വ്യക്തിത്വ വികസനത്തിനുമാവശ്യമായ പാഠങ്ങളും ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

എസ്.കാച്ചപ്പിള്ളി

# ധാർമികത

ഏതൊരു രാജ്യത്തേയും ഭരണാധികാരികളോടൊപ്പം സ്തുതിപാഠകന്മാരുമുണ്ടായിരിക്കും. ചിലപ്പോൾ അവരായിരിക്കും ഉപദേശികളുടെ വേഷം സ്വീകരിക്കുക. കാര്യസാധ്യത്തിനായിട്ടാണ് ഇവർ വേഷം കെട്ടുന്നത്.

സ്തുതിപാഠകരുടെ പുകഴ്ത്തലിൽ വീണു പോകാതിരിക്കുക സാധാരണ ഗതിയിൽ ഭരണാധികാരികൾക്ക് കഴിയാറുമില്ല. ജനാധിപത്യത്തിലെ ഭാരണാധിപന്മാരെ ഏറെ സ്വാധീനിക്കാൻ ഉപദേശക വേഷമിട്ടവർക്കും സ്തുതിപാഠകർക്കും കഴിയുന്നു.

ജനങ്ങളുടെ വോട്ടിൽ കണ്ണുനട്ട് മാത്രമെ ജനാധിപത്യത്തിലെ ഭരണ നേതൃത്വങ്ങൾക്ക് മുന്നോട്ടു പോകുവാൻ കഴിയുന്നുള്ളൂ. യുദ്ധസമാനമായ ഘട്ടങ്ങളിൽ, അവ ഭരണ നേതൃത്വങ്ങളുടെ പിടിപ്പുകേടു കൊണ്ടു കൂടിയാണെങ്കിൽ പോലും, ജനങ്ങളിൽ ആഴത്തിൽ ഐക്യം

എസ്.കാച്ചപ്പിള്ളി

രൂപപ്പെടുകയും ഒററ മനസ്സോടെ നിലകൊള്ളുകയും ചെയ്യുന്നു.

സ്വാതന്ത്ര്യ കാലഘട്ടത്തെ തുടർന്ന് നാടിനോടു ണ്ടായ അർപ്പണ മനോഭാവത്തിൽ പുരോഗമനപരമായ പല സുപ്രധാന നടപടികളും സ്വീകരിക്കാൻ നേതൃത്വങ്ങൾക്ക് കഴിഞ്ഞിരുന്നു. ആട്ടിൻ തോലണിഞ്ഞ ചെന്നായയുടെ മാതൃകയിൽ ഒളിഞ്ഞും തെളിഞ്ഞുമൊക്കെ പലരും രാഷ്ട്രീയ പ്രവേശനം നേടി നേതൃത്വത്തിലേക്ക് കടന്നു കയറി. പുരോഗമനപരമായ നടപടികളിലെ തെററു കുററങ്ങൾ പർവ്വതീകരിച്ചു കാണിച്ച് ജനമനസുകളിൽ വിള്ളലുണ്ടാക്കി ഭരണ സിരാകേന്ദ്രങ്ങൾ കൈയ്യടക്കാൻ ഇത്തരം വേഷപകർച്ചക്കാർക്ക് ജനാധിപത്യത്തിൽ സാധിച്ചിട്ടുണ്ട്.

കേരള രൂപീകരണത്തിനു ശേഷമുള്ള തിരഞ്ഞെടുപ്പുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് ഭരണമാററം കേരളത്തിൽ തുടർച്ചയായി സംഭവിക്കുന്നു എന്നതാണ്. ഭാരതത്തിലെ മററു പല സംസ്ഥാനങ്ങളും തുടർ ഭരണങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. തുടർ ഭരണങ്ങൾ ഏതെങ്കിലുമൊരു പാർട്ടിയുടെ നയങ്ങൾക്ക് തുടർച്ച ലഭിക്കുന്നതിനാൽ അതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. വ്യവസായ നയത്തിന് കൂടുതൽ കാലം നിലനിൽപ് ലഭിക്കുകയാണെങ്കിൽ വ്യവസായീക അന്തരീക്ഷം ഉണ്ടാകുന്നത് ഉദാഹ

എസ്.കാച്ചപ്പിള്ളി

രണം മാത്രമാണ്. എന്നാൽ തുടർ ഭരണങ്ങൾ കടൽവരെ പതിച്ചെടുക്കാനുള്ള സംഘടിത ശ്രമങ്ങൾക്കും കാരണമാകുന്നു.

ജനങ്ങളെ കയ്യിലെടുക്കാൻ കഴിയുന്നവർ ജനാധിപത്യത്തിൽ ഭരണാധികാരികളായി മാറുന്നതിനാൽ ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളുടെ ഉപദേശങ്ങൾ ഫലപ്രാപ്തിയിലെത്തുക സാധ്യവുമാണ്. സംഘം ചേർന്നുള്ള ഇത്തരം കൊള്ളയടികളെ തിരഞ്ഞെടുപ്പിൽ ഫലപ്രദമായി നേരിടാൻ വോട്ടർന്മാർക്ക് കഴിയണമെന്നുമില്ല.



സംഘം ചേർന്നുള്ള പ്രചരണ തന്ത്രങ്ങളും ഫലപ്രദമായ അടവു നയങ്ങളും ജനാധിപത്യത്തിൽ സ്വീകരിച്ചു കാണാറുണ്ട്. ഭരണ സംഘങ്ങളുടെ ചെയ്തികളും അഴിമതികളുമൊക്കെ മറനീക്കി പുറത്ത് വരേണ്ടതുണ്ട്. കേരളത്തെ ഇരുപത്തി ഒന്നാം നൂററാണ്ടിനൊത്ത വിധം രൂപപ്പെടുത്തേ തുണ്ട്. ധാർമിക ബോധമുള്ളവരെ വിജയിപ്പിക്കുക മാത്രമാണ് ഫലസൂചകമായിട്ടുള്ളത്. ബംഗാളും ബീഹാറുമൊക്കെ നുമുക്ക് പാഠങ്ങളായി മാറേണ്ടതുമുണ്ട്.

എസ്.കാച്ചപ്പിള്ളി

## പ്രചോദനം

ലോകത്ത് എല്ലായിടത്തും വിദ്യാഭ്യാസ നേട്ടങ്ങളാണ് വികസിത സമൂഹത്തിന്റെ അടിസ്ഥാന അടിത്തറ. അടിസ്ഥാന വിദ്യാഭ്യാസം സൗജന്യവും ഏറെക്കുറെ നിർബന്ധിതവുമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളവും വിട്ടുവീഴ്ചകൾക്ക് തയ്യാറല്ല. സംസ്ഥാന ബഡ്ജററ് പരിശോധിച്ചാൽ മതി വിദ്യാഭ്യാസത്തിനായി കേരളം എത്രമാത്രം പരിഗണന കൊടുക്കുന്നുണ്ടെന്ന്. വ്യക്തി എന്ന നിലയിലും നല്ലൊരു ഭാഗം കേരളീയന്റെ ബഡ്ജററ് പരിശോധിച്ചാലും ഇക്കാര്യം വ്യക്തമാകുന്നു. അത്രമാത്രം പ്രാധാന്യമാണ് വിദ്യാഭ്യാസത്തിന് കേരളീയ ജനത മററു മികച്ച രാഷട്രങ്ങളെ പോലെ പ്രാധാന്യം നൽകുന്നത്



സാക്ഷരതാ പ്രവർത്തനങ്ങളുടെ അവസാനം കേരളം സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനവുമായി.

എസ്.കാച്ചപ്പിള്ളി

കേരളത്തിന്റെ കാര്യത്തിൽ ഉന്നത വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ചവരുടെ സംഖ്യ അസൂയാവഹമാം വിധം ഉയർന്നതാണ്. ഒരു പരിധിവരെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കേരളം ചിലവാക്കപ്പെടുന്ന സമ്പത്തിൽ നല്ലൊരു ഭാഗം ഉന്നത വിദ്യാഭ്യാത്തിനും ഗവേഷണങ്ങൾക്കുമാണ്.

കോളേജ് അദ്ധ്യാപകരുടെ സേവനങ്ങൾ യു. ജി.സി മാനദണ്ഡമാക്കണമെന്ന ആവശ്യവുമുയർന്നു. ബീഡി തൊഴിലാളികളേയും കയർപിരി തൊഴിലാളികളേയും ഒക്കെ സംഘടിപ്പിച്ചുള്ള സമരം ഒടുവിൽ യു.ജി.സി സ്കെയിൽ ശമ്പളം എന്ന ആശയം നേടിയെടുത്തു. അപ്പോഴും പ്രാഥമീക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യം വേണ്ട മൂത്രപുരകൾ പോലുമില്ലായിരുന്നു എന്നതാണ് കഷ്ടമായി പറയുവാനുള്ളത്.

ഏറെക്കുറെ ചില കാര്യങ്ങൾക്കെങ്കിലും ഡിമാന്റും സപ്ലൈയുമായുള്ള ബന്ധം കണക്കാക്കേണ്ടതുണ്ട്. ഫലമൊ മികച്ച പ്രാഥമിക വിദ്യാഭ്യാസത്തിനായി കൂടുതൽ തുക ചിലവഴിക്കേണ്ടിടത്ത് കേളേജ് അദ്ധ്യാപകരുടെ യു.ജി.സി. ശമ്പള സ്കെയിൽ നടപ്പിലാക്കുന്നതിലായി ശ്രദ്ധ. യു.ജി.സി സ്കെയിൽ ശമ്പള ഘടന സ്വീകരിക്കുമ്പോഴും വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ സഹായകമായ മററുപല യു.ജി.സി നിബന്ധനകളും നടപ്പിലാക്കാനും കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് കഴിഞ്ഞതുമില്ല.

എസ്.കാച്ചപ്പിള്ളി

നമ്മുടെ സർവ്വകലാശാലകൾക്ക് അധിപന്മാരായി വൈസ് ചാൻസലർമാരെ നിയമിക്കുന്നു. ചാൻസലറായ ഗവർണർ തന്റെ അധികാരമുപയോഗിച്ചാണ് നിയമനങ്ങൾ നടത്തുന്നത്. സർക്കാരുകളുടെ താൽപര്യത്തോടെ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുമാണ് ഗവർണർ വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കുന്നതും.




സമരത്തിലൂടെയാണ് വിദ്യാർഥികളുടെ വളർച്ച എന്ന വാദഗതികൾ കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി വൈസ് ചാൻസലർമാർക്കുമെതിരെ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നടക്കുന്നതായി കാണാവുന്നതാണ്. വിദ്യാഭ്യാസ മേഖലയിലെ ശാന്തത ഏറെ ആവശ്യവും അത് നമ്മുടെ സമൂഹത്തിന് പ്രചോദനമേകേണ്ടതുമാണ്.

എസ്.കാച്ചപ്പിള്ളി

## അധികാരസ്ഥാനം

ലോകത്തുള്ള ചെറുതും വലുതുമായ ഒട്ടനേകം രാജ്യങ്ങളിൽ വിവിധ ഭരണ സംവിധാനങ്ങൾ നലനിൽക്കുന്നു. ഗോത്രാധിപത്യ ഭരണവും മതാധിഷ്ഠിത ഭരണവും ഏകാധിപത്യ ഭരണവും രാജഭരണവും ഏകധിപത്യ പാർട്ടി ഭരണവും തുടങ്ങി ജനാധിപത്യത്തിലുള്ള ഭരണവും ഒക്കെയായി ധാരാളം ഭരണ സംവിധാനങ്ങളാണുള്ളത്. അമേരിക്കൻ ജനത സ്വീകരിച്ച ജനാധിപത്യ രീതിയോട് വ്യത്യസ്ഥത പുലർത്തുന്നതാണ് ഇന്ത്യൻ ജനാധിപത്യ രീതി.



ഏതു തരം ഭരണമാണെങ്കിലും ആ രാജ്യത്തെ ജനതയോട് എത്രത്തോളം നീതി പുലർത്തുന്നു എന്നതിനെ ആശ്രയിച്ച് സമാധാനവും സമ്പൽസമൃദ്ധിയും വന്നു ചേരുന്നു. ജനാധിപത്യ രീതിയോട് ലോക ജനത താത്പര്യം കാണിക്കുന്നതായി കാണാം. തങ്ങളോരോരു

എസ്.കാച്ചപ്പിള്ളി

ത്തരും ഭരണത്തിൽ പങ്കാളികളാകുന്നവരെ തിരഞ്ഞെടുക്കുന്നു എന്നതാവാം ഇതിന്റെ അടിസ്ഥാനം.

ഏതുതരം ഭരണ സംവിധാനം നിലവിൽ വന്നാലും അസംതൃപ്തരായ ജനവിഭാഗം ഉണ്ടാവുക തന്നെ ചെയ്യും. പലപ്പോഴും അത്തരക്കാർ ആഭ്യന്തര സങ്കർഷങ്ങൾക്കും ആഭ്യന്തര പോരാട്ടങ്ങൾക്കുമൊക്കെ കാരണക്കാരായി മാറാറുണ്ട്.

ഭാരതത്തെ സംബന്ധിച്ചാണെങ്കിൽ നൂററാണ്ടുകൾക്കു മുമ്പെ ഗവേഷണഫലമെന്നോണം ജാതി വ്യവസ്ഥ നിലനിന്നിരുന്നു. അതുകൊണ്ടു തന്നെ മററു പല ജനാധിപത്യ രാജ്യങ്ങളിലും കാണുന്നതിനുമപ്പുറം ജാതിയുടെയും മതത്തിന്റേയും സ്വാധീനം ഇവിടെ കാണാവുന്നതാണ്. ഭൂരിപക്ഷം വരുന്ന വിഭാഗം അധികാരത്തിന്റെ സിരാകേന്ദ്രത്തിൽ എത്തിപ്പെട്ടാൽ മഹത്വവൽക്കരിക്കാനായി ഒന്നുമവകാശപ്പെടാനില്ലെങ്കിൽ പോലും അനുഭവപ്പെടുന്ന സന്തോഷം അനിർവജനീയമാണ്.

പ്രധാനമായും പാർട്ടികളുടെ അടിസ്ഥാനത്തിൽ നടക്കുന്ന നമ്മുടെ ജനാധിപത്യത്തിൽ സംഘം ചേർന്നുള്ള അധികാര വടംവലി കാണാവുന്നതാണ്. അധികാര മോഹമൊ, അഴിമതി മോഹമൊ, പുത്രവാത്സല്ല്യമൊ, ജാതിയുടെ പേരിലുള്ള അവകാശമൊ ഒക്കെയാണ് അധികാര വടംവലിക്കു കാരണമായിട്ടുള്ളത്.

എസ്.കാച്ചപ്പിള്ളി

ജനാധിപത്യ രാഷ്ട്രത്തിലും അവിടത്തെ ജനവിഭാഗത്തിന്റെ നൂററാണ്ടിനൊത്ത വികസന ആശയങ്ങൾക്ക് മുനയൊടിക്കുന്നത് നല്ല പ്രവണതയല്ല. ഗ്രൂപ്പ് തിരിച്ചുള്ള അധികാര വടംവലിയിൽ ജനാധിപത്യ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ട തിനായി പല വിധ നിയമങ്ങളും നിഷ്ക്കർഷിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ അതാത് സഭകളിലെ




നിശ്ചിത ശതമാനം അംഗങ്ങളെങ്കിലും ഇല്ലാതെ പാർട്ടി പിളർത്താനൊ അതാത് കാലയളവിൽ നൽകുന്ന വിപ്പ് ലംഘിക്കാനൊ അംഗങ്ങൾക്കാവില്ലാ എന്നത് അത്തരമൊരു ജനാധിപത്യ സംരക്ഷണ നിയമമാണ്.

പലവിധ ഘടകങ്ങളുടേയും സ്വാധീനത്തിൽ ജനതാത്പര്യവും ജനാധിപത്യവും പ്രതിസന്ധികളെ നേരിടുന്നു. മികച്ച വ്യക്തിത്വങ്ങളേയും ധാർമിക ബോധത്തിലൂന്നിയവരേയും അധികാരസ്ഥാനങ്ങളിൽ എത്തിക്കുക എന്നതു തന്നെയാണ് ഫലപ്രദമായിട്ടുള്ളത്.

എസ്.കാച്ചപ്പിള്ളി

## ദയനീയത

വളരെ വിഷമം പിടിച്ച ചോദ്യങ്ങളിൽ ഒന്നാണ് ആരെയാണ് ബഹുമാനിക്കേണ്ടത് എന്ന ചോദ്യം. മാതാപിതാക്കളെന്നൊ, അദ്ധ്യാപകരെന്നൊ, നമ്മെ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിച്ചവരെന്നൊ, പ്രായമായവരെന്നൊ, മേലധികാരികളെന്നൊ ഒക്കെ ആയിരിക്കാം ഉത്തരം.



പ്രയോഗത്തിൽ നമുക്ക് കാണാൻ കഴിയുന്നത് സിനിമാ താരങ്ങളേയും, രാഷ്ട്രീയ നേതാക്കളേയും, അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവരേയുമൊക്കെയാണ്.

അധികാരസ്ഥാനങ്ങളിൽ പ്രധാനം രാജാധികാരം തന്നെയായിരുന്നു. രാജഭരണത്തിന്റെ പട്ടികയിൽ ഇപ്പോഴും പല വികസിത രാജ്യങ്ങളും ഉൾപെടുന്നുമുണ്ട്.

എസ്.കാച്ചപ്പിള്ളി

രാജാവിന്റെ അധികാര സംരക്ഷണയിൽ സന്തോഷത്തിലും സമ്പത്തിലും മുമ്പന്തിയിൽ നിൽക്കുന്ന രാജ്യങ്ങൾ.

കാലം മാറിയതോടെ രാജഭരണത്തിന്റെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞു. രാജ്യം താണ്ടിയ കാലയളവുകളിൽ വികസന മുന്നേററങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതിലെല്ലാം പങ്കു വഹിച്ചിട്ടുള്ളവരാണവർ. പ്രജകളോടൊപ്പം സുഖ ത്തിലും ദു:ഖത്തിലും പങ്കു ചേർന്നവരാണവർ. പ്രജ കൾക്ക് മാതൃകയായിട്ടുള്ളവരാണവർ.

രാജകുടുംബത്തിലെ പിൻതലമുറയുടെ അഭിപ്രാ യങ്ങളും നിർദ്ദേശങ്ങളും ബഹുമാന പൂർവ്വം ശ്രവിക്കേണ്ടി യിരിക്കുന്നു. അവർക്ക് പകർന്ന് കിട്ടിയ പാരമ്പര്യത്തിന്റെ ഉറവ നിലവിലുള്ള കാലഘട്ടത്തിലും പ്രയോജനപ്പെടുത്തേ ണ്ടിയിരിക്കുന്നു.

എന്തിനും ജനഹിത പരിശോധന നടത്തുന്ന ബ്രിട്ടൻ പോലുള്ള രാജ്യത്ത് പോലും രാജ്ഞി വഹിക്കുന്ന പങ്ക് ആദരണീയമാണ്. അവരുടെ അഭിപ്രായങ്ങൾ ആദര വോടെയാണ് ആ രാജ്യത്തോടൊപ്പം ലോകവും ചെവി കൊടുക്കുന്നത്.

ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ പോലും രാഷ്ട്രീ യത്തിലും ഭരണത്തിലും കുടുംബങ്ങളിലെ പിൻതു ടർച്ചക്കാർ നേതൃത്വം വഹിക്കുന്നത് സാധാരണമാണ്. പല പ്പോഴും പലവിധ കാരണങ്ങളാൽ കുഴഞ്ഞു കിടക്കുന്ന

പൗരന്മാരെ ഒത്തിണക്കുവായിട്ടുള്ള കണ്ണിയായി പ്രവർത്തിക്കാൻ ഇവർക്ക് കഴിയുന്നുണ്ട് എന്നതാണ് വാസ്തവം.



പഴയ രാജ്യപ്രതാപത്തിന്റെ അനന്തരാവകാശികളും സമൂഹത്തിൽ നിലയുറപ്പിക്കുന്നത് നമ്മുടെ പാരമ്പര്യത്തിന്റെ മാററ് വിളിച്ചറിയിക്കുന്നതിന് ആവശ്യം തന്നെയാണ്. വിലമതിക്കാനാവാത്ത അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മാനിക്കപ്പെടേണ്ടവതന്നെയാണ്. മികച്ച വ്യക്തിത്വമൊ, പാരമ്പര്യമൊ, ധാർമികതയൊ ഇല്ലാത്തവർ സംഘം ചേർന്ന് ജനങ്ങളുടെ മാന്യതയേയും സംസ്ക്കാരത്തേയും ചോദ്യം ചെയ്യുമ്പോൾ പഴയ രാജഭരണത്തിന്റെ വേരുകൾ നമുക്ക് പ്രചോദനം ഏകിയേക്കാം.

എസ്.കാച്ചപ്പിള്ളി

## ചിത്രീകരണം

ഏററവും കടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയം സെക്സുമായി ബന്ധപ്പെട്ട വിഷയമായിരിക്കാം. പുത്തൻ സാങ്കേതിക വിദ്യയിലൂടെ വിരൽ തൊട്ടാൽ കാണാവുന്ന തിൽ ഏററവും കൂടുതൽ വീഡിയോസ് ക ണ്ടിരിക്കാനിടയു ള്ളതും സെക്സ് സംബന്ധ മായ വീഡിയോസ് ആയിരിക്കാനെ തരമു ള്ളൂ.



ആരംഭകാ ലത്ത് തമാശക്കായി രൂപംകൊടുത്ത സെക്സ്.കോം എന്ന സൈററ് വിൽപ്പനക്ക് വക്കുമ്പോഴെല്ലാം അത് വിററ് പോകുന്നത് കോടിക്കണ ക്കിനു മൂല്ല്യത്തിനാണു പോലും. ഇതിൽ നിന്നക്കൊ ഉറപ്പി

എസ്.കാച്ചപ്പിള്ളി

ക്കാവുന്നത് എളുപ്പത്തിൽ പേരെടുക്കാനും കച്ചവട മൂല്ല്യവുമുള്ള ചർച്ചകൾക്ക് വഴിവക്കാനുമൊക്കെ സെക്സ് സംബന്ധിയായ കാര്യങ്ങൾക്ക് കഴിയുന്നു എന്നതാണ്.

വിവിധ സമൂഹത്തിൽ വിവിധ ചിന്താധാരകളോടെയാണ് ഒരോ വ്യക്തികളും തങ്ങളുടെ വ്യക്തിത്വങ്ങൾ വളർത്തിയെടുക്കുക. അതുകൊണ്ടുതന്നെ വ്യക്തികൾ തമ്മിലുള്ള വ്യത്യസ്ഥമായ ആശയങ്ങൾക്ക് എന്നും വേരോട്ടമുള്ളവയും ഇല്ലാത്തവയും ഉണ്ടായിരിക്കും. പല ആശയങ്ങളും ആശയക്കുഴപ്പം സൃഷ്ടിക്കുന്നവയുമാണ്.




ഈയടുത്ത കാലത്ത് കേരളത്തിൽ വിവാദങ്ങളിലൂടെ പരാമർശിക്കപ്പെട്ട ഒരു സ്ത്രീ വസ്ത്രങ്ങൾ നീക്കം ചെയ്ത സ്വന്തം മാറിടം തന്റെ തന്നെ പതിമൂന്ന് വയസ്സുള്ള മകന് ക്യാൻവാസായി കിടന്നു കൊടുത്ത വീഡിയോ പ്രദർശിപ്പിക്കുകയുണ്ടായി. സ്വാഭാവികമായും ഇരു ചേരികളായി അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ ധാരാളം വാദഗതിക്കാരുമുണ്ടായിരുന്നു.

പതിമൂന്ന് വയസ്സ് എന്നത് വ്യക്തികളുടെ മസ്തിഷ്ക്ക വളർച്ചയുടെ പൂർണ്ണത നേടുന്ന കാലയളവും സ്വന്തം വ്യക്തിത്വം ഏതാണ്ടൊക്കെ പൂർണ്ണത തേടുന്ന സമയവുമാണ്. ഏതാണ്ട് ഇതേ കാലയളവിൽ തന്നെയാണ്

സെക്സുമായി ബന്ധപ്പെട്ട ചോദനകൾ ഉണ്ടാകുന്ന കാലയളവും.

പതിമൂന്ന് വയസ്സായ കുട്ടി തന്റെ ക്യാൻവാസായ അമ്മയുടെ മാറിടത്തിൽ തന്റെ കൈൾ ഊന്നി ബ്രഷ് ഉപയോഗിച്ച് മുലകളും മാറുമൊക്കെ ഞരടുവാൻ നിർബന്ധിക്കുമ്പോൾ തന്റെ ചോദനകൾ എത്രമാത്രം ദുഷ്ക്കരമായിരിക്കാം. സമയങ്ങളോളം മുലയും മാറുമൊക്കെ ബ്രഷിന്റെ സ്പർശനത്താൽ ഞരടപ്പെടുമ്പോൾ മുപ്പതുകളിൽ എത്തി നിൽക്കുന്നവരുടെ കാര്യവും ചിന്തനീയമാണ്.

നാട്ടിൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ അതാത് പ്രദേശവാസികൾ കൊന്നു തള്ളുന്നുണ്ടാകാം. നായ്ക്കളെ ഓമനിച്ചു വളർത്തുന്ന സ്വഭാവമുള്ള സമൂഹത്തിന് അവയെ കൊന്നു തള്ളുന്നത് ഒരു പ്രസ്ഥാനമായി മാററുന്നത് അത്ര നല്ല കാര്യവുമല്ല. അലഞ്ഞു നടക്കുന്ന സ്ത്രീകൾ തന്റെ മക്കളെ തന്റെ ചോദനകൾക്കും ചിന്തകൾക്കുമൊത്തവിധം വിനിയോഗിക്കുന്നുണ്ടാകാം. എന്നാൽ അവയെല്ലാം ചിത്രീകരിച്ച് സമൂഹത്തിന്റെ മനസാക്ഷിയെ ഞെട്ടിക്കുന്നവർക്ക് ന്യായമായ ശിക്ഷകൾ നൽകുക തന്നെ വേണം.

എസ്.കാച്ചപ്പിള്ളി

## സ്വയം പര്യാപ്തത

ലോകത്തിലെ പല രാജ്യങ്ങളും കാർഷിക മേഖലയുമായുള്ള പോർമുഖങ്ങളിലൂടെയാണ് ഭരണം പിടിച്ചെടുത്തിട്ടുള്ളത്. കേരളത്തിലും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പോർമുഖങ്ങളിലൂടെയാണ് സംസ്ഥാന ഭരണത്തിനായി ആദ്യ മന്ത്രിസഭയും രൂപീകൃതമാകുന്നത്.

കാർഷിക മേഖലയുമായുള്ള പോർമുഖങ്ങളിൽ ഭരണം പിടിച്ചെടുത്ത രാജ്യങ്ങൾ പിന്നീട് വ്യവസായിക വളർച്ചയെ ലക്ഷ്യമിട്ടതായി കാണാം. അത്തരം രാജ്യങ്ങൾ ലോകരാജ്യങ്ങളുടെ മുമ്പന്തിയിൽ എത്തിയിട്ടുണ്ടെങ്കിൽ അത് വ്യവസായിക വളർച്ചയിലുടെയാണ്. കേരളത്തെ സംബന്ധിച്ചാണെങ്കിൽ കാർഷിക മേഖല തകർന്നു എന്നു മാത്രമല്ല മനുഷ്യ ജീവനെ ഏറെ ഹാനികരമായി ബാധിക്കുന്ന ഭക്ഷണ സാധനങ്ങൾ ഉപയോഗിക്കുവാൻ നിർബന്ധിതമാവുകയും ചെയ്തു.

എസ്.കാച്ചപ്പിള്ളി

ഭാരതത്തിൽ സ്വാതന്ത്രലബ്ദിക്ക് ശേഷം നടപ്പിലാക്കിയ നയങ്ങൾ മുതലാളിത്തത്തിന്റേയും സോഷ്യലിസത്തിന്റേയും സമ്മിശ്രമാണ്. സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമൊക്കെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു. രാജ്യ വികസനത്തെ മുൻനിർത്തി സ്വകാര്യമേഖല അറച്ചു നിന്ന മേഖലകളിൽ സർക്കാർ വ്യവസായിക നിക്ഷേപം നടത്തി.



പിന്നീട് കേരളത്തിലെന്ന പോലെ ഭാരതത്തിലും സർക്കാർ നിക്ഷേപം നടത്തിയ വ്യവസായങ്ങളിൽ ഭൂരിഭാഗവും ജനങ്ങളുടെ നികുതിപ്പണം പങ്കുവക്കൽ മാത്രമായി ചുരുങ്ങി. ഭാരതത്തിലെ മുന്തിയ സർക്കാർ തൊഴിൽ സംരംഭം കൂടിയായ റെയിൽവെ ഈ ഇരുപത്തി ഒന്നാം നൂററാണ്ടിലും ടോയ്ലററ് പോലുള്ള സൗകര്യങ്ങളിൽ പോലും ഏറെക്കുറെ പഴഞ്ചൻ രീതി തന്നെ തുടരുന്നു. കമ്മ്യൂണിക്കേഷൻ രംഗത്ത് പ്രവർത്തിക്കുന്ന ബി. എസ്.എൻ.എൽ പോലുള്ള സംരഭങ്ങളാകട്ടെ ആധുനീകമായ സേവന ദാതാക്കളാകാൻ കഴിയാതെയും കമ്മ്യൂണിക്കേഷൻ രംഗത്തുള്ള മററു സേവന ദാതാക്കൾ നൽകുന്ന കുറഞ്ഞ കൂലിക്ക് കൂടുതൽ മികച്ച സേവനം എന്നത് നിറവേററാനുമാകാതെയായി.

കാർഷിരംഗത്തെ സ്വയം പര്യാപ്തതയോടൊപ്പം വ്യവസായിക സ്വയം പര്യാപ്തത കൂടി നേടാൻ കഴിഞ്ഞാലെ നമുക്ക് ലോക രാഷ്ട്രങ്ങളോടൊപ്പം പിടിച്ചു

എസ്.കാച്ചപ്പിള്ളി

നിൽക്കുവാൻ കഴിയുകയുള്ളൂ. ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ വ്യവസായിക ഉൽപ്പന്നങ്ങളും തന്നെ ലാഭകരമായി രാജ്യത്ത് ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു. സ്വകാര്യ സംരഭകർ ആരംഭിക്കുന്ന വ്യവസായ ശാലകൾക്ക് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിച്ചും അവർ മടിച്ചു നിൽക്കുന്ന മേഖലയിൽ സർക്കാർ നിക്ഷേപം നടത്തിയും ഭാരതം കാർഷിക മേഖലയോടൊപ്പം സ്വയം പര്യാപ്തത നേടേണ്ടിയിരിക്കുന്നു.

നിലവൽ സർക്കാർ നിക്ഷേപം നടത്തിയ മേഖലയിൽ സ്വകാര്യ മേഖലയുടെ മുതൽ മുടക്കിനു സാഹചര്യമൊരുക്കുകയും അങ്ങനെ സ്വരുക്കൂട്ടുന്ന വിഭവങ്ങൾ മററിതര വ്യവസായിക സംരഭങ്ങളിൽ നിക്ഷേപിച്ച് എല്ലാ വ്യവസായ, വാണിജ്യ മേഖലയിലും സ്വയം പര്യാപ്തത കൈവരിക്കേണ്ടിയിരിക്കുന്നു.



എസ്.കാച്ചപ്പിള്ളി

## തുടർ പഠനം

പുതിയ നൂററാണ്ടിൽ പ്രാഥമിക വിദ്യാഭ്യാസമെന്നത് എല്ലാവർക്കും അത്യാവശ്യം നൽകേണ്ടതും നിർബന്ധിതമാക്കേണ്ടതുമാണ്. ലോകത്തിന്റെ ഏതു ഭാഗമെടുത്താലും വിദ്യാഭ്യാസത്തിലൂടെ മാത്രമെ മുന്നേററം കൈവരിച്ചിട്ടുള്ളൂ. ആധുനിക സാഹചര്യത്തിൽ പുതുതലമുറയിലെ എല്ലാവർക്കും സാങ്കേതിക വിദ്യാഭ്യാസം നൽകേണ്ടതും പുതുതലമുറയുടെ പാഠഭാഗമാക്കേണ്ടതുമാണ്.




നമ്മൾ വീമ്പു പറയുന്ന കാര്യങ്ങളിൽ ഒന്നാണ് സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത നേടിയിട്ടുണ്ട് എന്നത്. ഒരു പരിധിവരെ സാക്ഷരതാ യജ്ഞത്തിൽ പങ്കാളികളായ നല്ലൊരു വിഭാഗത്തിനെങ്കിലും ബസ്സിന്റെ ബോർഡ് വായിക്കാനെങ്കിലും ഉപകാരപ്പെട്ടു എന്ന സമാശ്വസിക്കാം.

എസ്.കാച്ചപ്പിള്ളി

അക്ഷരജ്ഞാനം അറിവല്ല എന്നും അറിവിന്റെ വാതായനങ്ങളാണെന്നും തുടർ സാക്ഷരതാ പ്രവർത്തനങ്ങളിൽ മുഴങ്ങി കേട്ടിരുന്നു. സമൂഹത്തിലെ അത്യാവശ്യം കൂട്ടിവായിക്കാൻ കഴിയുന്നവർ പോലും തങ്ങളുടെ അറിവും കഴിവും പൂർണ്ണമാണെന്ന വിശ്വാസത്തിലായി. പഞ്ചായത്ത് രാജ് നടപ്പിലായതോടെ എത്തിചേർന്ന കോടിക്കണക്കിനു മൂല്യം വരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ശാസ്ത്രീയതയും വിവേകവുമെല്ലാം ചോദ്യം ചെയ്യപ്പെട്ടു. പത്രത്തോടൊപ്പം എത്തിച്ചേർന്ന ടെലിവിഷന്റെ സ്വാധീനവും വാദങ്ങളുമൊക്കെ പക്ഷം ചേർന്ന് സംഘം ചേരാനും പ്രേരണ നൽകി.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ നൂററാണ്ടിന്റെ ആവശ്യമായ സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങളൊഴിച്ച് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും തന്നെ പൂർണ്ണമായും സൗജന്യമൊ നാമമാത്ര ഫീസ് ഈടാക്കുന്നവയൊ ആണ്.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പരിധി എന്നത് പ്ലസ് ടു വിദ്യാഭ്യാസം വരെ ആയി പരിഗണിക്കുമ്പോഴും പ്ലസ് ടു കഴിഞ്ഞുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതും പ്രവേശനം ജാതിയുടെ അടിസ്ഥാനത്തിൽ വീതംവക്കുന്നതുമൊക്കെ നമ്മുടെ വികസന സങ്കൽപ്പങ്ങളുടെ പൊലിമ കുറക്കാനെ ആവുകയുള്ളൂ. മെറിററ് വഴി മാത്രം പ്രവേശനം നൽകിയ വിദ്യാർത്ഥികളിൽ നിബന്ധനകൾക്ക്

എസ്.കാച്ചപ്പിള്ളി

വിധേയമായി സ്കോളർഷിപ്പ് നൽകപ്പെടുന്നത് നമ്മുടെ സാമൂഹ്യ പരിഗണനകളെ സാംശീകരിക്കുന്നവയുമാണ്.

അടിസ്ഥാന വിദ്യാഭ്യാസമായ പ്ലസ് ടു കഴിഞ്ഞാൻ ഏറെക്കുറെ വോട്ടവകാശം വിനിയോഗിക്കാൻ പ്രായമാകുന്ന പൗരന് തന്റെ ജീവിത മേഖല തിരഞ്ഞെടുക്കാനുള്ള സമയമാണ്. കേളേജ് വിദ്യാഭ്യാസം സൗജന്യമാണെന്നും ഗുമസ്തപ്പണിക്ക് പരിഗണിക്കപ്പെടാൻ കഴിയുന്നവരാണെന്നുമുള്ള പ്രലോപനം നൽകി പ്ലസ് ടു കഴിഞ്ഞവരെ വശം കെടുത്തുന്നത് കാലഘട്ടത്തിനു യോജിച്ചതല്ല.

നമ്മുടെ നാട്ടിലെ തൊഴിലിടങ്ങൾ പരിമിതവും അതിൽ തന്നെ കൂടുതൽ ആകർഷകമായ സർക്കാർ, പൊതുമേഖല തൊഴിലിടങ്ങൾ ജാതിക്കും രാഷ്ട്രീയ സ്വാധീനത്തിനുമെല്ലാം വിധേയവുമാണ്. നമ്മുടെ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങളുടെ ജീവിത മേഖല തിരഞ്ഞെടുക്കുവാൻ സമയമായെന്നു മനസിലാക്കി തങ്ങളുടെ തുടർ പഠനം സാഹചര്യങ്ങൾക്കൊത്ത വിധം തീരുമാനിക്കേണ്ടിയിരിക്കുന്നു. മികച്ച യോഗ്യതക്കനുസൃതമായി തങ്ങളുടെ സാമൂഹ്യ സാഹചര്യങ്ങൾക്കൊത്ത വിധം വിദേശത്തും സ്വദേശത്തും ലഭ്യമാകുന്ന അഭിരുചിക്കൊത്തതും ആകർഷകവുമായ തൊഴിലിടങ്ങൾ ലഭ്യമാകുന്ന തുടർ പഠനങ്ങൾ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു.

എസ്.കാച്ചപ്പിള്ളി

## ബഹിഷ്ക്കരണം

നമ്മുടെ രാജ്യം ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്നവരാലാണ് ഭരിക്കപ്പെടുന്നത്. ഭാരതത്തിന് സ്വന്തമായ ഭരണഘടനയും ഭരണഘടന അനുശാസിക്കും വിധമുള്ള ഭരണ സംവിധാനങ്ങളുമുണ്ട്. കാലാകാലങ്ങളിൽ ഭരണഘടനയിൽ കൂട്ടി ചേർക്കലുകളും ഭേദഗതികളുമൊക്കെ വരുത്തപ്പെടുന്നു.

ലജിസ്ലേററീവും ജുഡീഷ്യറിയും എക്സിക്യൂട്ടീവ് സംവിധാനങ്ങളുമൊക്കെയാണ് ജനാധിപത്യത്തിന്റെ നെടും തൂണുകളായി കണക്കാക്കപ്പെടുന്നത്. നാലാമത്തെ നെടും തൂണായി ജനാധിപത്യത്തിൽ കണക്കാക്കപ്പെടുന്നത് മാധ്യമങ്ങളെയാണ്. ഈ നാല് നെടുംതൂണുകളും ജനാധിപത്യത്തിലെ കാവലാളുകളായി കണക്കാക്കുന്നു. ജനാധിപത്യ സംവിധാനത്തിലെ ഈ നെടുംതൂണുകളുടെ പാളിച്ചകൾ ജനങ്ങളുടെ ജീവിത നിലവാരത്തിലെ ബഹുമുഖ വീഴ്ചകൾക്ക് കാരണമാകുന്നു.

എസ്.കാച്ചപ്പിള്ളി

ഇന്ത്യ പോലുള്ള ജനാധിപത്യ രാഷ്ട്രങ്ങളിൽ കൂടുതൽ വോട്ടു നേടി അധികാരത്തിന്റെ അകത്തളങ്ങളിലെത്തിപ്പെടാനുള്ള തത്രപ്പാടുകളിൽ ജനാധിപത്യ മൂല്ല്യങ്ങളൊക്കെ പല പ്പോഴും പണയം വയ്ക്കാറുണ്ട്. പാർലമെന്റിലും നിയമസഭയിലുമൊക്കെ




ഭരണഘടനാപരമായ ഭൂരിപക്ഷം നേടുന്നതിനായി രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ആശയപരമായ അടിസ്ഥാനത്തിലല്ലാതെ അധികാരം പങ്കിട്ടും ജനപ്രതിനിധികൾ അങ്ങുമിങ്ങുമൊക്കെ കാലുമാറി ഭരണം കയ്യടക്കാറുണ്ട്. മാധ്യമങ്ങളെ ഭിഷണിപ്പെടുത്തിയും പ്രലോഭനങ്ങൾ നൽകിയും മററു പ്രീണനങ്ങളുമായൊക്കെ അവയെ വരുതിയിലാക്കാൻ രാഷ്ട്രീയ ഭരണ കൂടങ്ങൾ ജനാധിപത്യത്തിലും ശ്രമിക്കാറുണ്ട്.

നമ്മുടെ ജനാധിപത്യത്തിൽ പല പ്രമുഖ രാഷ്ട്രീയവും ഭരണപരവുമായ സ്ഥാനങ്ങളിൽ എത്തിപ്പെട്ടവർ മാധ്യമങ്ങളാൽ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്ന ഇമേജിനാലാണ്. മാധ്യമങ്ങളും അത്തരം ഭരണ രാഷ്ട്രീയ നേതൃത്വങ്ങളെ നിലനിൽപ്പിന്റെ ഭാഗമായും മററു പലവിധ നേട്ടങ്ങൾക്കായുമൊക്കെ സഹായിക്കുന്നു. തങ്ങൾ ആരാധനാമൂർത്തികളായി കൊണ്ടു നടക്കുന്ന വ്യക്തികളേയും പ്രസ്ഥാനങ്ങളേയും അവർ രാഷ്ട്രീയത്തിലായാലും സിനിമ

യിലായാലുമൊക്കെ മാധ്യമ വിചാരണ ചെയ്യപ്പെടുമ്പോൾ ചെറുതും വലുതുമായ സമൂഹങ്ങൾക്ക് സഹിക്കാൻ കഴി യണമെന്നില്ല.

സമൂഹത്തിൽ സംഘടിതമായ മുന്നേററം നടത്തി ജനങ്ങളെ തെററിദ്ധരിപ്പിക്കാനുള്ള രാഷ്ട്രീയ ഭരണ നേതൃ ത്വങ്ങളുടെ ശ്രമങ്ങളെ സമൂഹം തിരിച്ചറിയേ ിയിരിക്കു ന്നു. രാഷ്ട്രീയപാർട്ടികൾക്ക് സ്വന്തമായുള്ള മാധ്യമങ്ങളെ ബഹിഷ്ക്കരിക്കുന്നത് നിഷ്പക്ഷമായ ജനവിഭാഗങ്ങളിൽ സാധാരണമാണ്. എന്നാൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാന ങ്ങളും ഭരണ കൂടങ്ങളും ജനാധിപത്യത്തിലെ ഭരണ ഘടനാ പരമായ സ്ഥാപനങ്ങളുമൊക്കെ മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും വ്യക്തവും ഊഷ്മള വുമായ മറുപടി നൽകേണ്ടതുണ്ട്.

ജനാധിപത്യത്തിൽ മാധ്യമ സാതന്ത്ര്യത്തിന് ഏതെ ങ്കിലും തരത്തിൽ കൂച്ചുവിലങ്ങ് ഏർപ്പെടുത്തുന്നത് പൊറുക്കാനാ വാത്തതാണ്. ഏതെങ്കിലുമൊരു മാധ്യമത്തെ വ്യക്തി എന്ന നില യിൽ ബഹിഷ്ക്കരിക്കുന്നത് വ്യ ക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായി കരുതാമെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഭരണ സാരഥ്യം



വഹിക്കുന്നവരും മററു ജനാധിപത്യ സംവിധാനങ്ങളിലെ നെടുംതൂണുകളുമെല്ലാം ഏതെങ്കിലുമൊരു മാധ്യമത്തെ

എസ്.കാച്ചപ്പിള്ളി

ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുന്നത് ജനാധിപത്യത്തെ ദുർഭലപ്പെടുത്തുന്നു എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.

എസ്.കാച്ചപ്പിള്ളി

## ശ്രീ.പത്മനാഭസ്വാമി

കേരളത്തെ സംബന്ധിച്ച് തലമുറകളായി പകർന്നു പോരുന്ന ഒട്ടേറെ കഥകളുണ്ട്. ഈ കഥകളൊക്കെ ഏററു പാടിയും പറഞ്ഞുമാണ് തലമുറകൾ വളർന്ന് ഇന്നത്തെ അവസ്ഥയിൽ എത്തി ചേർന്നത്. പരശുരാമൻ മഴുവെറിഞ്ഞു കേരളമുണ്ടായതും ഓണവുമായി ബന്ധപ്പെടുത്തി കള്ളവും ചതിയുമില്ലാത്ത സ്വപ്നഭൂമിയെ പുനർവായിച്ചുമൊക്കെയാണ് നമ്മൾ കേരളീയർ വളർന്നു പോന്നിട്ടുള്ളത്. ജാതിയും സംസ്ക്കാരവുമെല്ലാം ഇഴപിരിഞ്ഞ കാലഘട്ടങ്ങളിലൂടെ കടന്നു പോയ നമ്മൾ കേരളീയർ ഈ ഇരുപത്തിഒന്നാം നൂററാണ്ടിലും തപസ്യയിലൂന്നിയ ഗവേഷണങ്ങളിലൂടെ നേടിയെടുത്ത പൈതൃകം കാത്ത് സൂക്ഷിക്കേണ്ടതായിട്ടുണ്ട്.



**എസ്.കാച്ചപ്പിള്ളി**


കേരള രൂപീകരണത്തിനു മുമ്പെ തന്നെ സംസ്ഥാന പരിധിയിൽ വിദ്യാഭ്യാസ നേട്ടങ്ങൾ കൊയ്തവ രായിരുന്നു നമ്മൾ. സ്വതന്ത്രാനന്തര കേരളത്തിന് വിദ്യാ ഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലുമുള്ള മേക്കോയ്മ തുടരാൻ കഴിഞ്ഞെങ്കിലും കാർഷിക രംഗത്തും വ്യവസായിക രംഗത്തുമൊക്കെ തകർച്ച നേരിടാനെ കഴി ഞ്ഞുള്ളൂ. പ്രധാനമായും വിദ്യാഭ്യാസം നേടിയതും അല്ലാത്തതുമായ മനുഷ്യവിഭവശേഷിയെ അന്യസംസ്ഥാന ങ്ങളിലേക്കും അന്യരാജ്യങ്ങളിലേക്കും കയററിയയക്കുന്ന സംസ്ഥാനമായി കേരളം രൂപപ്പെട്ടു എന്നതാണ് നമ്മൾ കേര ളീയർ ഇരുപത്തി ഒന്നാം നൂററാണ്ടിൽ എത്തി നിൽക്കുമ്പോ ഴുള്ള അവസ്ഥ.

പ്രകൃതി രമണീയമായ നമ്മുടെ സംസ്ഥാനത്ത് കെട്ടിപൊക്കുന്ന ഇഷ്ടിക കൂമ്പാരങ്ങളായി നമ്മുടെ പ്രധാന തൊഴിൽ മേഖല എന്നത് ഏറെ ദയനീയം തന്നെയാണ്. കട ലിനാലും കായലിനാലും സമ്പന്നമായ കേരളത്തിൽ മത്സ്യ സമ്പത്തിനു പോലും അന്യസംസ്ഥാനങ്ങളെ ആശ്രയി ക്കേണ്ടി വരുന്നു. അപ്പോഴും വൈററ് കോളർ ജോലികളി ലല്ലാതെ മറെറാന്നിനും കേരളീയനെ ലഭ്യമാകാതായി എന്നതും എടുത്ത് പറയേണ്ടതാണ്. നമ്മൾ വളർത്തിയെ ടുത്ത സ്വതന്ത്രാനന്തര കേരളീയ സംസ്ക്കാരം ഇതൊക്കെ യാണ്.

നമുക്ക് നമ്മടെ സംസ്ക്കാരവും പൈതൃകവുമൊക്കെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

എസ്.കാച്ചപ്പിള്ളി

അത്തരം സംസ്ക്കാരത്തിന്റേയും പൈതൃകത്തിന്റേയുമൊക്കെ ബാക്കിപത്രമായി അവശേഷിക്കുന്ന ഒന്നാണ് ശ്രീ.പത്മനാഭ സ്വാമി ക്ഷേത്രവും അവിടെ ഇന്നും അവശേഷിക്കുന്ന പൗരാണിക സമ്പത്ത് അടങ്ങുന്ന കലവറയും. അവശേഷിക്കുന്ന നമ്മുടെ സംസ്ക്കാരവും പൈതൃകവുമൊക്കെ സംരക്ഷിക്കപ്പെടേണ്ടതാണെന്ന അവബോധം കാത്ത് സൂക്ഷിക്കുന്ന കേരള ജനതക്ക് ശ്രീ.പത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട സുപ്രീകോടതി വിധി സ്വാഗതം ചെയ്യാനെ കഴിയുകയുള്ളൂ. നമ്മുടെ ജനാധിപത്യ കോവിലിൽ എത്തിപ്പെടുന്ന രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് ഇത്തരം അമൂല്ല്യമായതും പൈതൃക സംസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ സമ്പത്ത് കൈമാറിയിരുന്നുവെങ്കിൽ നമുക്ക് നഷ്ടപ്പെടുന്നത് മഹത്തായ പാരമ്പര്യത്തിന്റേയും സംസ്ക്കാരിക വളർച്ചയുടേയും അവശേഷിക്കുന്ന ഒരു ഭാഗം കൂടി നശിപ്പിക്കുക മാത്രമായിരുന്നേനെ. അല്ലെങ്കിലും നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് സംസ്ക്കാരത്തിന്റേയും പൈതൃകത്തിന്റേയും അവശേഷിപ്പുകൾ വിററു തുലച്ച് അതിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് ബിവറേജിന്റെ നികുതി നൂറൊ നൂററമ്പതോ ആക്കി കുറക്കാനല്ലാതെ മറെറന്തിനാണാവുക?



എസ്.കാച്ചപ്പിള്ളി

## ആഘോഷം


പ്രകൃതിയിലെ മററു പല ജീവജാലങ്ങൾക്കും ജനിക്കുമ്പോൾ തന്നെ ലഭിച്ചിരിക്കുന്ന കഴിവുകളിൽ പലതും മനുഷ്യനില്ല എന്നതും ശ്രദ്ധേയമാണ്. പ്രസവിച്ചയുടനെ സ്വയമായി എഴുന്നേററു നിൽക്കുകയും മുലകുടിക്കുകയുമൊക്കെ ചെയ്യുന്ന ജീവജാലങ്ങളുടെ കഴിവ് മനുഷ്യനില്ല.

മനുഷ്യന്റെ വ്യക്തിത്വ രൂപീകരണത്തിന് അവന്റെ മാതാപിതാക്കളുടേയും സമൂഹത്തിലെ മററു പല ഘടകങ്ങളുടേയും സ്വാധീനം സുനശ്ചിതമാണ്. മനുഷ്യന്റെ വ്യക്തിത്വത്തിലെ വികാരങ്ങളും വിചാരങ്ങളുമെല്ലാം രൂപീകൃതമാകുന്ന നാളുകൾ അവൻ എത് തരത്തിലുള്ള മനുഷ്യനാകണമെന്നു തീരുമാനിപ്പിക്കപ്പെടുന്നു. കോപവും ദുഖവും സന്തോഷവും എല്ലാം നിയന്ത്രണവിധേയമാകുന്നതും ആരെ ബഹുമാനിക്കണം എങ്ങനെ സമൂഹത്തിൽ പെരുമാറണം എന്നു തുടങ്ങി ബഹുമുഖങ്ങളായ പല ഘടകങ്ങളുമാണ് മനുഷ്യനെ വ്യത്യസ്ഥനാക്കുന്നത്.

എസ്.കാച്ചപ്പിള്ളി

വ്യത്യസ്ഥമായ സമൂഹത്തിന് വ്യത്യസ്ഥമായ ചിന്താഗതിയും സമീപനങ്ങളുമൊക്കെയുണ്ടാവുക സ്വാഭാവികമാണ്. സാഹചര്യങ്ങളെ വേണ്ടും വിധം വിലയിരുത്താൻ മനുഷ്യനു പലപ്പോഴും കഴിയണമെന്നില്ല. അതുകൊണ്ടു കൂടിയാണ് മഹാമാരിയായ കോവിഡിനെ നേരിടുന്നതിൽ പല രാജ്യങ്ങളും വ്യത്യസ്ഥമായ നിലപാടു സ്വീകരിച്ചതും മരണ സഖ്യ നിയന്ത്രിക്കാൻ കഴിഞ്ഞതുമൊക്കെ.

ജനാധിപത്യ രാജ്യങ്ങളിൽ മാറി മാറി വരുന്ന ഭരണങ്ങൾക്ക് സാധ്യത കൂടുതലാണ്. അതുകൊണ്ടുതന്നെ തന്റെ അഭിരുചിക്ക് ഇണങ്ങുന്നവരും തന്റെ ആരാധാനാ പാത്രമായവരുമൊക്കെ ഭരണത്തിൽ വരണമെന്ന് അവിടവിടങ്ങളിലൂള്ള വോട്ടർമാർ തങ്ങളുടെ വ്യക്തിത്വത്തിനിണങ്ങും വിധം ആഗ്രഹിക്കുക സ്വാഭാവികമാണ്.



കോവിഡ് എന്നത് ലോകത്തിൽ മഹാവിപത്തായി മാറിയപ്പോഴും കേരളത്തിലെ വോട്ടർമാരും തങ്ങളുടെ നിലപാടു സ്വീകരിച്ചത് മികച്ച വ്യക്തിത്വത്തിനിണങ്ങും വിധമായിരുന്നില്ല എന്നു തോന്നുന്നു. ആ നിലപാടുകൾ വൈകാരികവും നീതിക്ക് നിരക്കാത്തതും ആയിരുന്നു എന്നത് കേരളത്തിലെ ഇന്നത്തെ സമ്പർക്ക രോഗികളുടെ എണ്ണം തെളിയിക്കുന്നു. വ്യക്തികൾ തങ്ങളുടെ അഭിരുചിക്കൊത്ത വിധം സിനിമയിലും രാഷ്ട്രീയ

എസ്.കാച്ചപ്പിള്ളി

ത്തിലുമുള്ളവരെയൊക്കെ ആൾ ദൈവങ്ങളായും മററും അവരോധിച്ചേക്കാമെങ്കിലും അത്തരം ആൾ ദൈവങ്ങളെ പ്രസ്ഥാനങ്ങൾ ഏറെറടുക്കുന്നത് സമൂഹത്തിന്റെ മേന്മയുള്ള വളർച്ചയേയല്ല സൂചിപ്പിക്കുന്നത്.



ഉപ്പ് തൊട്ട് കർപ്പൂരം വരെ നമുക്ക് ലഭ്യമാകണമെങ്കിൽ അന്യ സംസ്ഥാനത്തെയൊ അന്യ രാജ്യത്തെയൊ ആശ്രയിക്കേണ്ടി വരുന്നു. നമ്മുടെ ഓടകളിലെ തടസം നീക്കണമെങ്കിൽ പോലും അന്യ സംസ്ഥാനക്കാരനെ ആശ്രയിക്കേണ്ടി വരുന്ന സാമൂഹിക, സാംസ്ക്കാരിക വളർച്ചയാണ് നമ്മൾ നേടിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിലെ ലക്ഷക്കണക്കിനു വരുന്ന മനുഷ്യ ശക്തിയാണ് സംസ്ഥാനത്തേക്ക് തിരിച്ചു വരാനുള്ളതും. അത്തരം അവസ്ഥയിലാണ് നമ്മൾ കോവിഡ് വിമുക്ത സംസ്ഥാനമായി ആഘോഷിച്ചത്. ആഘോഷം വൈകാരികവും രാഷ്ട്രീയ പക്ഷപാതവുമൊക്കെ ആയി മാറുന്നത് സമൂഹത്തിലെ വ്യക്തിത്വത്തിലെ വളർച്ചയുടെ അപാകതയും സംസ്ക്കാരികവും സാമൂഹികവുമായ കേരളത്തിന്റെ വളർച്ചയെ ചോദ്യം ചെയ്യുന്നതുമാണ് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

**എസ്.കാച്ചപ്പിള്ളി**

## സൗജന്യ വൈദ്യുതി

നമ്മുടെ ഊർജ്ജ സ്രോതസ്സുകൾ രാജ്യപുരോഗതിക്ക് ഏറെ ആവശ്യമാണ്. അവയുടെ ഉപഭോഗം ഏതൊരു രാജ്യത്തിലുമെന്ന പോലെ കേരളത്തിനും ക്ഷേമൈശ്വര്യങ്ങൾ സമ്മാനിക്കുന്നു. വൈദ്യുതീകരണം കേരളത്തിലെ എല്ലാ ജനവിഭാഗത്തിനും സമ്പൂർണ്ണമായി ലഭ്യമാക്കിയതിലൂടെ കേരളം ആധുനീകതയുടെ മുഖമുദ്ര ചാർത്തുകയായിരുന്നു.




ലോകത്തിലെ ഏതൊരു സമൂഹത്തോടും കിടപിടിക്കാൻ മാത്രം കേരളജനത വിദ്യാഭ്യാസത്തിലും ആരോഗ്യരംഗത്തും മുന്നിട്ടു നിൽക്കുന്നു. എന്നാൽ ആധുനീകതയുടെ മുഖമുദ്രയായ

എസ്.കാച്ചപ്പിള്ളി

പുതുപുത്തൻ ടെക്നോളജികൾ പ്രയോഗിക്കുന്നതിൻ ഏറെ പിന്നോട്ടു പോകുന്നു. അത്തരം പുതുപുത്തൻ ടെക്നോളജികൾ പ്രയോഗിക്കുന്നതിൽ കേരളത്തിലെ വൈദ്യുത വിതരണ മേഖലയും അമാന്തം പ്രകടിപ്പിച്ചു. വൈദ്യതി ഉത്പാദന-വിതരണവുമായി ബന്ധപ്പെട്ട കേരളത്തിലെ ഓഫീസുകൾ ടെക്നോളജി അധിഷ്ഠിതമായി നവീകരിക്കുന്നത് തൊഴിലാളി വിരുദ്ധ സമീപനമാണെന്ന് തെററിദ്ധരിപ്പിക്കുന്നതിൽ കേരളത്തിലെ രാഷ്ട്രീയ നേതൃത്വം വിജയം കണ്ടു. ഇന്നത്തെ നിലക്ക് വ്യവസായീകാവശ്യത്തിനായും വാണിജ്യാവശ്യത്തിനായുമുള്ള വൈദ്യുതിക്ക് ഈടാക്കുന്ന നിരക്കുകൾ എന്തുകൊണ്ടും ജലവൈദ്യുതി കൊണ്ടു സമ്പന്നമായ കേരളത്തിലെ ഗാർഹീകാവശ്യക്കാരിൽ ഭൂരിഭാഗത്തിനും സൗജന്യമായി നൽകാനാവും വിധം ഉയർന്നതാണ്.

വൈദ്യുതി ഓഫീസുകൾ നവീകരിക്കുന്നതിലെ അമാന്തവും ജാതി തിരിച്ചുള്ള നിയമനങ്ങളും തുടർന്നുള്ള തെററായ യോഗ്യതാ നിർണയത്തോടെയുള്ള പ്രമോഷനുകളും കൂടിയ വൈദ്യതി ചാർജ്ജുകൾ ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കുവാൻ നിർബന്ധിതമായി. ഉപഭോക്താക്കളായ ജനങ്ങളുടെ അവകാശത്തേക്കാൾ ജീവനക്കാരുടെ പ്രീതിക്കായി പഴയതും മുരടിച്ചതുമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ ഭരണാധികാരികൾ മത്സരിച്ചു.

കേരളത്തിലെ വൈദ്യുതി ഓഫീസുകളിൽ നവീകരണത്തോടെ അധികമായി വരുന്ന ജീവനക്കാരെ പുനർനി

എസ്.കാച്ചപ്പിള്ളി

യമിക്കുമെന്നും ജാതി അടിസ്ഥാനത്തിലുള്ള നിമയനങ്ങളും തുടർന്നുള്ള പ്രമോഷനുകളും ഉയർന്നതും ശരിയായതു മായ യോഗ്യതയുടെ അടിസ്ഥാനത്തിലാക്കുമെന്നും ആവ ശ്യമായതിലധികം ജീവനക്കാരെ വൈദ്യുതിയുമായി ബന്ധ പ്പെട്ട് നിയമിക്കുകയില്ലെന്ന് അധികാരികൾ ശ്രദ്ധിക്കു മെന്നും അതുവഴി മികച്ച സേവനവും അതോടൊപ്പം സൗജ ന്യമായുള്ള വൈദ്യുതി ഗാർഹീകാവശ്യക്കാരിൽ ഭൂരിഭാഗ ത്തിനും ലഭ്യമാക്കുമെന്നും പ്രതീക്ഷിക്കാം.

എസ്.കാച്ചപ്പിള്ളി

# സാന്ത്വനം

സാന്ത്വനം



എസ്. കാച്ചപ്പിള്ളി

തങ്ങൾക്ക് പരിചിതമല്ലാത്ത സൂക്ഷമമായ തീരുമാനങ്ങൾ എടുക്കേണ്ടതായി വരുന്ന മഹാവിപത്ത് സമയങ്ങളിൽ പിൻസീറ്റ് ഡ്രൈവിങ്ങിന് നിന്നു കൊടുക്കുന്ന ഭരണാധികാരികൾ ആവശ്യമായി വരുന്നു. മഹാവിപത്തിന്റെ സമയങ്ങളിൽ ആശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും വക്താക്കളാകുവാൻ ഭരണ നേതൃത്വത്തിന് കഴിയുന്നത് ആശ്വാസമാകുന്നു...